




# ദൈവദാസനായ കനീസിയൂസച്ചൻ

2016 January Vol: 2 Issue: 1




# ആത്മാവിനെ സ്പർശിക്കുന്ന ആത്മകഥ



## എന്റെ ജീവിതാനുഭവങ്ങൾ

ഫാ. കനീയൂസ്.സി.എം.ഐ.



ജീവിതത്തിൽ പുറകോട്ടു തിരിഞ്ഞുനോക്കുക. ഓർക്കുന്ന അനുഭവങ്ങൾ സംക്ഷേപമായി കുറിച്ചു തരിക. ബ.എഡിറ്ററച്ചൻ എനിക്കു നൽകിയ നിർദ്ദേശമായിരുന്നു ഇത്. ആ നിർദ്ദേശത്തിന്റെ വിനീതമായ നിർവചനമാണ് ഈ കുറിപ്പ്.

### വീട്ടിൽ

കർത്താവ് എനിക്കു നൽകിയ ദാനങ്ങളിൽ ഏറ്റവും പ്രധാനമായത് എന്റെ അപ്പനും അമ്മയുമാണ്. **ദൈവേഷ്ടം – അതുമുഴുവൻ – അതുമാത്രം!** ഇതായിരുന്നു അവരുടെ ജീവിതനിയമം. അവരുടെ വ്യക്തിബന്ധങ്ങൾ, അയൽവാസികളോടും ബന്ധുമിത്രാദികളോടും ജോലിക്കാരോടുമുള്ള പെരുമാറ്റം എന്നിവയെല്ലാം ഇന്നും എന്നെ വിശ്വാസത്തിൽ ഉറപ്പിക്കുന്ന ധ്യാന വിഷയങ്ങളാണ്. ദിവ്യകാരുണ്യസന്നിധിയിൽ, നിർന്നിമേഷനായി മുട്ടുകുത്തി നിൽക്കുമായിരുന്ന അപ്പനിൽനിന്ന് പ്രാർത്ഥനയിൽ ലയിക്കുവാൻ ചെറുപ്പത്തിലേ തന്നെ ഞാൻ പഠിച്ചു. അമ്മയാണ് "**ഈശോ പ്രാർത്ഥന**" എന്നെ പഠിപ്പിച്ചത്.

### ബോർഡിംഗിൽ

13-ാം വയസ്സിൽ എൽത്തുരുത്ത് ബോർഡിംഗ് ഹൗസിൽ ചേർന്നപ്പോൾ മുൻപറഞ്ഞ ചൈതന്യത്തിൽ വളരാൻ കൂടുതൽ എളുപ്പം ലഭിച്ചു. ബോർഡിംഗിൽ റെക്ടറായിരുന്ന ബ.കമ്മീല്ലൂസച്ചനിൽ നിന്ന് സാന്ദർഭികമായി ലഭിച്ച ഒരു നിർദ്ദേശമാണ് ശ്രദ്ധാകേന്ദ്രീകരണത്തിൽ ഇന്നും എന്റെ മാർഗ്ഗദർശി. ഹെഡ്മാസ്റ്ററായിരുന്ന ബ.പങ്ക്രാസിയൂസച്ചൻ, കുമ്പസാരക്കാരനായിരുന്ന ബ.ഏലിയാസച്ചൻ, ഉർബാനോസച്ചൻ, പക്കോമിയൂസച്ചൻ, ദാവീദച്ചൻ എന്നിവർ ആ പ്രായത്തിൽ, പഠനത്തിലും ആദ്ധ്യാത്മികതയിലും ആരോഗ്യകരമായി വളരാൻ എന്നെ അതിമാത്രം സഹായിച്ചു. പ്രാർത്ഥനയിൽ ലയിച്ച് നീണ്ടമണിക്കൂറുകൾ തിരുസന്നിധിയിൽ മുട്ടിന്മേൽ നിന്നിരുന്ന വയോവൃദ്ധനായ മിഖായേലച്ചന്റെ ചിത്രം ഇപ്പോഴും എന്റെ സ്മരണയിൽ സജീവമായി നിൽക്കുന്നു.

### യോഗാർത്ഥിഭവനത്തിൽ

16-ാം വയസ്സിൽ ഞാൻ പാവർട്ടിയിലെ യോഗാർത്ഥിഭവനത്തിൽ ചേർന്നു. അവിടുത്തെ അനുഭവങ്ങളിലേയ്ക്ക് എത്തിനോക്കുമ്പോൾ, സ്മരണയിൽ ഓടി വരുന്നത് ആദ്യത്തെ പ്രീഫെക്ട് (ബീഡിൽ) ആയിരുന്ന അഡോൾഫസച്ചനും അദ്ധ്യാപകനും കുമ്പസാരക്കാരനുമായിരുന്ന ബ. ലാസറച്ചനുമാണ്, എന്റെ ആദ്ധ്യാത്മികജീവിതത്തെ അതിമാത്രം സ്പർശിച്ച രണ്ടുവ്യക്തികൾ! അവിടെവച്ച് ഞാനെടുത്ത തീരുമാനങ്ങളിൽ ഒന്ന് ഇതാണ്: സഹോദരങ്ങൾക്ക് സേവനം ചെയ്യുന്നതിൽ "**പരമാവധി**" എന്നതായിരിക്കണം എന്റെ മാനദണ്ഡം. സമൂഹജീവിതത്തിന്റെ സാക്ഷാൽ മാധുര്യം, അവിടം മുതലാണ് ഞാൻ അനുഭവിച്ചുതുടങ്ങിയത്.

### നൊവീഷ്യേറ്റ് ഭവനത്തിൽ

അമ്പഴക്കാട് നൊവീഷ്യേറ്റ് ഭവനത്തിലും എന്റെ ജീവിതത്തെ അതിമാത്രം സ്വാധീനിച്ച രണ്ടു വ്യക്തികളുണ്ട്. **ഒന്ന്:** ആദ്യത്തെ എന്റെ പ്രീഫെക്ട് (ബ.സബീനൂസച്ചൻ) – അനാർഭാടതയുടെയും സൌമനസ്യത്തിന്റെയും പ്രതീകം! **രണ്ട്:** എന്റെ ഗുരുവച്ചൻ (ബ.ബർത്തലൂമ്യാച്ചൻ) – ആഴമായ പ്രാർത്ഥനയുടെ മനുഷ്യൻ! ബ.ഗുരുവച്ചന്റെ നേതൃത്വത്തിൽ എനിക്ക് ലഭിച്ച അമൂല്യമായ ഉൾക്കാഴ്ച ഇതായിരുന്നു: "ദൈവസേവനത്തിലും പരസേവനത്തിലും "**പരമാവധി**" എന്ന മാനദണ്ഡം പ്രായോഗികമാക്കാൻ സഹായിക്കുന്ന നിസ്തുലനേതാവ് നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ്. അന്തരംഗത്തിൽ നിരന്തരം നമ്മോടുസംസാരിക്കുന്ന അവിടുത്തെ സ്വരം ശ്രവിക്കുക, അതനുസരിക്കുക. അങ്ങനെഅരൂപിയുടെ മനുഷ്യനായിത്തീരുക."

### പഠനഗൃഹത്തിൽ

മംഗലാപുരം പഠനഗൃഹത്തിലെ അന്തരീക്ഷം മുൻപറഞ്ഞ ജീവിതശൈലി അരക്കിട്ടുറപ്പിക്കാൻ സഹായിക്കുന്നതായിരുന്നു. ഫിലോസഫി കോഴ്സിൽ വച്ചു ദൈവപരിപാലനയുടെ ശാസ്ത്രീയവീക്ഷണവും തിയോളജി കോഴ്സിൽവച്ച്, മൗതികശരീരത്തിൽ എനിക്കുള്ള നിസ്തുലസ്ഥാനവും ഞാൻ പ്രത്യേക പഠനവിഷയമാക്കി. എന്റെ ശ്രേഷ്ഠന്മാരായിരുന്ന ബ.മാവൂരൂസച്ചനും, ലൂവീസച്ചനും ആത്മപിതാക്കന്മാരായിരുന്ന ബ.ചീരില്ലോസച്ചനും, ഫ്രാങ്കോസച്ചനും പ്രസ്തുത ഉൾക്കാഴ്ചകളാൽ നയിക്കപ്പെടുന്നവർക്ക് സജീവമാതൃകകളായിരുന്നതിനാൽ ആ പഠനം എളുപ്പത്തിൽ ജീവിതബദ്ധമാക്കുവാൻ എനിക്ക് സാധിച്ചു. മംഗലാപുരത്തെ സമൂഹജീവിതം സഹോദര്യത്തിന്റെ മാധുര്യം നിറഞ്ഞു തുളുമ്പുന്നതായിരുന്നുവെന്ന് പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല. അവിസ്മരണീയമായ അനുഭവങ്ങൾ!

### ഭാവിപരിപാടികൾ

ദൈവചിത്തം സുനിശ്ചിതമായി അറിയുന്നതിന് സന്യാസജീവിതം നൽകുന്നസഹായം, ഭാവിപരിപാടികളെപ്പറ്റിയുള്ള ആകുലചിന്ത ഒട്ടും കൂടാതെ ജീവിക്കുവാൻ എനിക്കു സാദ്ധ്യത നൽകി. ഉപരിപഠനങ്ങൾ, ഉദ്യോഗനിയമനങ്ങൾ എന്നിവസംബന്ധിച്ച തീരുമാനങ്ങളെല്ലാംതന്നെ പൂർണ്ണമായും കർത്താവിന്റേതായിരുന്നതുകൊണ്ട് നിസ്സാരനും ബലഹീനനുമായ ഞാൻ ഗതിവിഗതികളിൽ ചഞ്ചലചിത്തനാകാതെ പൂർണ്ണമനോവിശ്വാസത്തോടെ ആശ്വാസത്തിനും ആത്മധൈര്യത്തിനുമായി കർത്താവിനെ നേരിട്ടുസമീപിച്ചു. അവിടുന്ന് തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്ന് അനുഭവിച്ചറിയും തോറും അവിടുത്തോടുള്ള വ്യക്തിബന്ധത്തിൽ വളരുവാനും ഭാഗ്യം ലഭിച്ചു.

### ജോലി

പഠിപ്പിക്കുന്ന ജോലിയിൽ ഞാൻ എന്നും ആനന്ദം കണ്ടെത്തിയിരുന്നു. തിയോളജിയിലും, ബൈബിൾ വിജ്ഞാനത്തിലും ഉപരിപഠനം നടത്താൻ, സഭവഴി കർത്താവ് എന്നോടാവശ്യപ്പെട്ടത്, എനിക്ക്, അവിടുന്നുപകർന്നുതരുന്ന ജ്ഞാനം മുഴുവനും, നിർല്ലോഭം വിദ്യാർത്ഥികൾക്കും, അറിവിനായി അവിടുന്ന്, എന്റെ പക്കലേക്കയക്കുന്ന, എല്ലാവർക്കും പരമാവധി പകർന്നുകൊടുക്കണം എന്ന ഉദ്ദ്യേശ്യത്തോടെ ആയിരുന്നുവെന്ന ബോദ്ധ്യം എനിക്കുണ്ടായിരുന്നു. ജ്ഞാനം സമ്പാദിക്കുന്നതിലും അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതിലും "**പരമാവധി**"എന്ന തത്വം സ്വീകരിക്കുവാൻ ഈ ബോദ്ധ്യം സദാ എനിക്ക് പ്രേരണ നല്കിയിരുന്നു. അതിനായി അദ്ധ്വാനിച്ച് വശംകെടുന്നതിൽ, അനല്പമായ സംതൃപ്തിയും എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ ഞാൻ എവിടെ ആയിരിക്കണമെന്ന് കർത്താവ് ആവശ്യപ്പെടുന്നുവോ അവിടെ – അവിടെ മാത്രം – ആയിരിക്കുക, അവിടുന്ന് എന്തുചെയ്യാൻ ആവശ്യപ്പെടുന്നുവോ അത് പരമാവധി നിർവ്വഹിക്കുക (മറ്റുവ്യഗ്രതകളൊന്നും കൂടാതെ) എന്നതായിരുന്നു എന്റെ സുദൃഢമായ നിശ്ചയം. "മാംസമോ രക്തമോ എന്തുപറഞ്ഞുവെന്ന് പരിഗണിക്കാതെ," ആ നിശ്ചയത്തിൽ ഉറച്ചുനില്ക്കുവാൻ ഞാൻ പരിശ്രമിച്ചിരുന്നു. ഉത്തരവാദിത്വങ്ങളുടെ സ്വീകരണം, അവയുടെ നിർവ്വഹണം എന്നിവ സംബന്ധിച്ച എന്റെ നിലപാട് എന്നും ഇതായിരുന്നു.

### ഗതിവിഗതികൾ

"ഷോക്ക് കഷായങ്ങൾ" എനിക്ക് കോരിത്തരുവാൻ കർത്താവ് മടിച്ചിട്ടില്ല എന്നതാണ് പരമാർത്ഥം. "എന്റെ ഷോക്ക് പോയിന്റ്" തൊട്ടാവാടി

തുടർച്ച 3-ാംപേജിൽ



"നമ്മുടെ ബാഹ്യഭാവം തന്നെ ആരാധനയുടേതായിരിക്കണം.
നമ്മെ കാണുന്ന ആളുകൾക്കു അനുഭവവേദ്യമാകണം, അവിടെ ദൈവമുണ്ടെന്ന്."

# ദൈവദാസനായ കനീസിയൂസച്ചൻ

## ജനമനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

അവൻെറ ശരീരസ്പർശമേറ്റ തുവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു.
അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു. (അപ്പ.19:12)

## വിളിച്ചാൽ വിളി കേൾക്കുന്ന ദൈവം

*ആഗ്നസ്, D/o ആനി ജോസ്, പനോക്കാരൻ ഹൗസ്, കണിമംഗലം*

എന്റെ മകൻ കാൾവിൻ ജോസിന്റെ ബി.ടെക് അഡ്മിഷനുവേണ്ടി ഏത് പ്രതിസന്ധിയിലും വിളിച്ചാൽ വിളികേൾക്കുന്ന കനീസിയൂസച്ചനോട് പ്രത്യേകം മാദ്ധ്യസ്ഥം പ്രാർത്ഥിച്ചിരുന്നു സി.ബി.എസ്.ഇ. പ്ലസ്ടുവിന് ഫുൾ എ + നൽകി അവനെ ദൈവം അനുഗ്രഹിച്ചിരുന്നു. ആഗസ്റ്റ് 27ന് എൻ.ഐ.ടി ആന്ധ്രാപ്രദേശിൽ അവൻ ആഗ്രഹിച്ച മെക്കാനിക്കൽ ബ്രാഞ്ചിൽ അഡ്മിഷൻ കിട്ടിയ വിവരം പ്രത്യേകം സാക്ഷ്യമായി അറിയിക്കുന്നു. പ്രാർത്ഥിച്ച എല്ലാ കാര്യങ്ങളും എനിയ്ക്ക് നടത്തിതരുന്ന കനീസിയൂസച്ചന്റെ ഈ പ്രത്യേക മാദ്ധ്യസ്ഥത്തെ നന്ദിയോടെ ഓർക്കുന്നു സെപ്തം. 10ന് ക്ലാസ്സ് തുടങ്ങും. ഇനി അവന്റെ അവിടുത്തെ താമസം. കൂട്ടുകാർ, ഭക്ഷണം പഠനം എല്ലാം ദൈവാനുഗ്രഹത്താൽ നന്നായി നടത്തി തരാൻ വേണ്ടിയും എല്ലാറ്റിലും ഉപരിയായി ഈ മകൻ ദൈവാനുഭവത്തിൽ വളരാനുള്ള കൃപയ്ക്കുവേണ്ടിയും പ്രത്യേകം കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം യാചിക്കുന്നു.

## പ്രാർത്ഥന കേട്ട ഈശോനാഥൻ

*കൊച്ചുമേരി ജോസ്, കോളപ്രൻ ഹൗസ്, കോട്ടമുറി*

എന്റെ മകനും ഭാര്യയും കൊച്ചുമകനും ആസ്ത്രേലിയായിൽ ആയിരുന്നു. എന്റെ മകന് വിസ കാലാവധി മാർച്ച് 31 ന് തീരുമായിരുന്നു. ആ സമയത്താണ് മരുമകളുടെ രണ്ടാമത്തെ പ്രസവം ഫെബ്രുവരിയിൽ നടന്നത്. കുട്ടിയ്ക്ക് ഒരു മാസത്തിനുള്ളിൽ വിസ ലഭിക്കൽ അസാധ്യമായിരുന്നു. ദൈവദാസനായ കനീസിയൂസച്ചനോട് മാദ്ധ്യസ്ഥം അപേക്ഷിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി, കുട്ടിയ്ക്ക് വിസ ലഭിക്കുകയും അവർക്ക് ഒരുമിച്ച് നാട്ടിലേയ്ക്ക് പോരുവാൻ സാധിക്കുകയും ചെയ്തു.

## ദൈവത്തിന്റെ കാരുണ്യം

*സോഫി ഡേവിസ്, പയ്യപ്പിള്ളി ഹൗസ്, കോട്ടമുറി, മാള.*

ഒരു സുപ്രഭാതത്തിൽ എന്റെ ഇടത് കൈ പൊക്കാൻ പറ്റാത്ത അവസ്ഥയായി. എനിക്ക് മൂന്ന് മക്കളുണ്ട്. ഞാൻ ചിന്തിച്ചു: ദൈവമെ എന്റെ മക്കളെ ഞാൻ എങ്ങനെ സ്കൂളിൽ വിടും? കനീസിയൂസച്ചന്റെ കബറിടത്തിൽ മുൻപ് എല്ലാ വ്യാഴാഴ്ചയും ത്രിമുഖ ജപമാലയിൽ പങ്കെടുക്കാറുണ്ട്. പിന്നീട് വീടുപണി കാരണം വരാൻ പറ്റാറില്ല. രാത്രി ഉറങ്ങുന്നതിന് മുമ്പ് ഞാൻ കനീസിയൂസച്ചന്റെ ത്രിമുഖ ജപമാല ചൊല്ലിയാണ് കിടന്നത്. രാവിലെ എഴുന്നേറ്റപ്പോൾ അൽപ്പം കുറവ് കിട്ടി. പിറ്റെ ദിവസവും ഞാൻ ഉറങ്ങുന്നതിന് മുമ്പ് ജപമാല ചൊല്ലി. അത്ഭുതമെന്ന് പറയട്ടെ രാവിലെ എഴുന്നേറ്റപ്പോൾ വളരെയധികം മാറ്റം എനിക്ക് അനുഭവപ്പെട്ടു. ഉപകാരസ്മരണ എഴുതി ഇടാമെന്ന് ഞാൻ തീരുമാനിച്ചു. ഒരാഴ്ചയായി ഇപ്പോൾ എനിക്ക് കൈ വേദനഒട്ടും തന്നെ യില്ല. ഇത് ദൈവദാസനായ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം വഴി ലഭിച്ച അനുഗ്രഹമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരായിരം നന്ദി.

## മെറിറ്റിൽ സീറ്റ് ലഭിച്ചു

*ജിജി ഫ്രാൻസിസ്*

മിക്ക വ്യാഴാഴ്ചകളിലും ഞാൻ ഇവിടെ വന്ന് കൊന്ത കൂടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. എന്റെ മകൾക്ക് +2 വിൽ 81% മാർക്ക് ലഭിച്ചതിന് നന്ദി പറയുന്നു. അഡ്മിഷൻ സമയത്ത് കനീസിയൂസച്ചന്റെ അനുഗ്രഹത്താൽ മകൾക്ക് കമ്യൂണിറ്റി മെറിറ്റിൽ സീറ്റ് ലഭിച്ചു.

## സ്വന്തമായി ഭവനം ലഭിച്ചു

*ആന്റണി ഒ.എഫ്, ഒളാട്ടുപുറത്ത്, ഗോതുരുത്ത്*

ഞാനും അമ്മയും ഭാര്യയും 2 മക്കളും അടങ്ങുന്നതാണ് എന്റെ കുടുംബം. ഞങ്ങൾക്ക് താമസിക്കാൻ വീടുണ്ടായിരുന്നില്ല. ഞങ്ങളുടെ ഇടവകയിൽപ്പെട്ട ഒരു സഹോദരന്റെ കുടുംബം ഞങ്ങൾക്കുവേണ്ടി കനീസിയൂസച്ചനോട് മാദ്ധ്യസ്ഥം അപേക്ഷിച്ചു പ്രാർത്ഥിച്ച കാര്യം എന്നോട് പറയുകയുണ്ടായി. കുറച്ചു ദിവസങ്ങൾക്കുശേഷം ഞങ്ങൾക്ക് വീടിന്റെ കാര്യം ശരിയായി.

## സൗഖ്യദായകനായ ഈശോ

*ബിന്ദു ജോജൻ, പുത്തൻവേലിക്കര*

ദൈവദാസനായ കനീസിയൂസച്ചന്റെ അത്ഭുതങ്ങളെക്കുറിച്ചുള്ള പത്രം വായിച്ച് അതിൽ കണ്ടവിവരങ്ങൾ അനുസരിച്ച് ഞാനും പ്രാർത്ഥിച്ചു; എന്റെ ബ്ലീഡിംഗ് നിൽക്കുവാൻ. കൂടാതെ ഡി. എൻ. സി. യുടെ റിസൽട്ട് ബയോപ്സി ടെസ്റ്റിന് അയച്ചിരുന്നു അതിന്റെ റിസൽട്ട് നെഗറ്റീവ് ആയിരുന്നു. ദൈവദാസനായ കനീസിയൂസച്ചന് കോടാനുകോടി നന്ദിയർപ്പിക്കുന്നു.

## സ്വർഗ്ഗീയ ദാനം

*സി.സി. ജേക്കബ്, ചിറ്റിലപ്പിള്ളി ഹൗസ്, കാരിക്കാമുറി, എറണാകുളം*

ഏവർക്കും പ്രിയങ്കരനായ ദൈവദാസൻ കനീസിയൂസ് അച്ചനുമായി വളരെ അടുത്ത് ഇടപ്പെട്ടിട്ടുള്ള വ്യക്തിയാണ് ഞാൻ. ജീവിച്ചിരിക്കുമ്പോഴും മരണശേഷവും എനിക്കും എന്റെ കുടുംബത്തിനും ധാരാളം അനുഗ്രഹങ്ങൾ അച്ചന്റെ പ്രാർത്ഥനയിൽ ഈശോയിൽ നിന്നും വാങ്ങിത്തന്നിട്ടുണ്ട്. എന്റെ മകൾക്ക് ഓസ്ട്രേലിയയിൽ ജോലിയ്ക്കു പോകുവാനുള്ള എല്ലാ തടസ്സങ്ങളും മാറി കിട്ടി. അവിടെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. കനീസിയൂസ് അച്ചനോട് നന്ദി പറയുന്നു.

## പ്രാർത്ഥനകൾ ദൈവസന്നിധിയിലെത്തിയപ്പോൾ

*മേരി, കോട്ടമുറി*

എന്റെ മകൻ ഗൾഫിൽ പോയിട്ട് ആറുമാസത്തിനു ശേഷം തിരിച്ചു പോരേണ്ടി വന്നു. ഞാൻ ഏഴു വ്യാഴാഴ്ചകൾ കൊന്ത ചൊല്ലി പ്രാർത്ഥിക്കുവാൻ നേർച്ച നേരുകയും, പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി അവന് വീണ്ടും ഗൾഫിൽ പോകുവാൻ സാധിച്ചതിന് നന്ദി പറയുന്നു.

## പ്രാർത്ഥന മരുന്നായപ്പോൾ

*ലീലാമ്മ ജോണി, പറോക്കാരൻ ഹൗസ്, കോട്ടമുറി*

ഞങ്ങളുടെ വളർത്തുമൃഗത്തിന്റെ ശരീരത്തിൽ ഒന്നിനുപുറകെ ഒന്നായി മൂന്ന് മുറിവുകൾ ഉണ്ടായി. അതു മരുന്ന് ചെയ്താലും ഉണങ്ങുവാൻ ബുദ്ധിമുട്ടായിരുന്നു. ഞങ്ങൾ കനീസിയൂസ് പിതാവിന്റെ മാധ്യസ്ഥം പ്രാർത്ഥിച്ച് മരുന്നുകൾ ചെയ്തു. അധികം താമസിയാതെ എല്ലാം ഉണങ്ങി. ഞങ്ങൾക്കു നൽകിയ അനുഗ്രഹത്തിന് ഈശോയോട് മദ്ധ്യസ്ഥം വഹിച്ച കനീസിയൂസച്ചനോട് നന്ദിയും സ്തുതിയുമേകുന്നു.

## കർത്താവ് എന്റെ ഇടയൻ

*സോണിയ റിഷേൽ, എലിഞ്ഞിയ്ക്കൽ ഹൗസ്, ആലത്തൂർ, അന്നമനട*

ഞാൻ ഗർഭിണിയായി രണ്ടാമത്തെ മാസം എനിക്ക് ബ്ലീഡിംഗ് ഉണ്ടാവുകയും അതിനെതുടർന്ന് ഡോക്ടർ ബെഡ് റെസ്റ്റ് പറയുകയും ചെയ്തു. അങ്ങനെയിരിക്കെ എന്റെ നെഞ്ചിന്റെ ഇടതുഭാഗവും പുറംഭാഗവും കഠിനമായി വേദനിക്കുവാൻ തുടങ്ങി. എന്തുചെയ്തിട്ടും വേദനമാറിയില്ല. കിടപ്പായതുകാരണം വേദനസഹിക്കാൻ കഴിയാതെയായി. വേദനതുടങ്ങി നാലു ദിവസം കഴിഞ്ഞപ്പോഴാണ് ഞാൻ കനീസിയൂസ് അച്ചന്റെ ഓർമ്മത്തിരുന്നാൾ ആണെന്ന് അറിഞ്ഞത്. ഞാൻ അച്ചനോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. അന്ന് വൈകുന്നേരം ആയപ്പോഴേയ്ക്കും എന്റെ വേദനമാറി.

## ജോലി ലഭിച്ചു

*അമ്പിളി ജോസ്, വടക്കൻ ഹൗസ്, കോട്ടമുറി*

അഞ്ച് വ്യാഴാഴ്ച പ്രാർത്ഥനയിൽ സംബന്ധിച്ച് ദൈവദാസനായ കനീസിയൂസച്ചനോട് മധ്യസ്ഥം യാചിച്ച് പ്രാർത്ഥിച്ചപ്പോൾ ഞാൻ നാളുകളായി ആഗ്രഹിച്ചിരുന്ന സ്വപ്നം പൂവണിഞ്ഞു. ഹയർസെക്കണ്ടറി അധ്യാപികയായി എനിക്ക് ജോലി ലഭിച്ചു.

## ഈശോ സ്പർശിച്ചു

നിമൽ മൈക്കിൾ, മുളൻകൊമ്പിൽ ഹൗസ്, മരോട്ടിച്ചാൽ

ദൈവദാസനായ കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥം വഴി, എന്റെ ചേട്ടന്റെയും ചേച്ചിയുടെയും അമേരിക്കയിലേയ്ക്കു പോകുവാനുള്ള ഇന്റർവ്യൂ ആദ്യ തവണ തന്നെ പാസ്സാകുവാനുള്ള അനുഗ്രഹം ലഭിച്ചു.

## ദൈവീക കരുണയുടെനിറവിൽ

അന്ന നിതിൻ, കണ്ണൂർ

എന്റെ മകൾ അന്നയ്ക്ക് HSP Nephrits എന്ന അസുഖം വന്ന് കിഡ്നിയുടെ പ്രവർത്തനം മോശമായി. മൂത്രത്തിനു ചുവന്ന നിറമായി.

സ്റ്റിറോയ്ഡ്സ് കൊടുത്തിട്ടും ഭേദമായില്ല. ബയോപ്സി എടുക്കാൻ പറഞ്ഞിരുന്ന സമയത്ത് എന്റെ അമ്മ കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചിരുന്നു. ഇപ്പോൾ പൂർണ്ണമായി സുഖപ്പെട്ടു. നാലു മാസമായി എന്റെ ടെസ്റ്റുകളിൽ നോർമൽ ആണ്.

## ഞാൻ കർത്താവിൽ ആനന്ദിക്കുന്നു

*ഫെർഡിനാന്റ് തോമസ്, വാഴപ്പിള്ളി ഹൗസ്, ചാലക്കുടി*

എന്റെ സി.ബി.എസ്.ഇ പരീക്ഷയിൽ ഉന്നത വിജയം തന്നതിനും എൻട്രൻസ് പരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കാൻ സഹായിച്ചതിനും ദൈവദാസനായ കനീസിയൂസ് അച്ചന് പ്രത്യേകം നന്ദിയേകുന്നു.

## സ്വർഗ്ഗീയസമ്മാനം

*ജോയേൽ ജോസഫ്, പൈനാടത്ത് ഹൗസ്, കൊരട്ടി*

ഞങ്ങൾക്ക് മൂന്നുവർഷം കുട്ടികൾ ഉണ്ടായിരുന്നില്ല. ഏഴര മാസത്തിൽ ഓപ്പറേഷൻ ചെയ്ത് കുഞ്ഞിനെഎടുത്തു വളരെ പ്രശ്നങ്ങളിലൂടെ ഞങ്ങൾ കടന്നുപോയെങ്കിലും ഞങ്ങൾക്ക് ഒരു കുഞ്ഞോമനയെ നൽകി ദൈവമനുഗ്രഹിച്ചു. ഈശോയ്ക്കും ദൈവദാസനായ കനീസിയൂസ് അച്ചനും നന്ദിയും, സ്തുതിയും ഏകുന്നു.

## സർട്ടിഫിക്കറ്റ് ലഭിച്ചു

*സ്മിറ്റി, കാർമ്മൽ കോൺവെന്റ്, മാള*

2012 മെയ് മുതൽ എം.സി.എ കോഴ്സിന്റെ ഇക്യുവെലൻസി സർട്ടിഫിക്കറ്റ് കാലിക്കറ്റ് യൂണിവേഴ്സിററിയിൽ നിന്നും ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടായിരുന്നു. ഞങ്ങളുടെ മദർ കനീസിയൂസ് അച്ചന്റെ അടുത്ത് വന്ന് 9 ആഴ്ച്ച മുടങ്ങാതെ പ്രാർത്ഥിക്കാൻ പറഞ്ഞു. അതിന്റെ ഫലമായി എന്റെ എല്ലാ സർട്ടിഫിക്കറ്റുകളും കിട്ടി.

## ഉപേക്ഷിക്കാത്ത സ്നേഹം

*തോമസ് പി.കെ, പടയാട്ടി ഹൗസ്, പുത്തൻവേലിക്കര*

ദൈവദാസനായ കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി മകളുടെ വിവാഹതടസ്സം മാറുകയും വിവാഹം മംഗളമായി നടക്കുകയും ചെയ്തു. ഇതിന് പ്രത്യേകം നന്ദി പറയുന്നു.

## അസുഖം മാറ്റിയ മധ്യസ്ഥം

*റോമി ജിജോ, ചക്കാലയ്ക്കൽ, മേലഡൂർ*

എന്റെ മകൻ ലിറോയ് ഏഴാം ക്ലാസ്സിൽ പഠിക്കുന്നു. എട്ടുമാസം മുമ്പ് രാത്രിയാകുമ്പോൾ അവന് വയറുവേദനയും ഛർദ്ദിയും വരുമായിരുന്നു. സെന്റ് ജെയിംസ് ആശുപത്രിയിൽ കാണിച്ചപ്പോൾ സ്കാൻ ചെയ്യുവാൻ ആവശ്യപ്പെട്ടു. സ്കാനിങ് റിപ്പോർട്ടിൽ അപ്പന്റിസൈറ്റിസ് ആണെന്ന് പറഞ്ഞു. ഇനി വേദനവരുകയാണെങ്കിൽ ഓപ്പറേഷന് തയ്യാറായി വരുവാൻ പറഞ്ഞു. ദൈവദാസനായ കനീസിയൂസ് പിതാവിന്റെ മധ്യസ്ഥം യാചിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി മെയ് ഇരുപതിന് സ്കാൻ ചെയ്ത് നോക്കിയപ്പോൾ അസുഖം ഇല്ലായെന്ന് പറഞ്ഞു. ഇത്രയും വലിയ അനുഗ്രഹം തന്ന കനീസിയൂസച്ചനോട് നന്ദി പറയുന്നു.

## ആഗ്രഹം പൂവണിഞ്ഞു

*ജിധിൻ യാക്കോബ്, പയ്യപ്പിള്ളി ഹൗസ്, മാള*

ദൈവദാസനായ കനീസിയുസച്ചനോട് ഒരായിരം നന്ദി പറയുന്നു. ഏറെ നാളായി ബാങ്കിൽ ജോലി ലഭിക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നു അതിന്റെ ഫലമായി ഉയർന്ന മാർക്കോടെ ജോലി ലഭിച്ചു. ഇന്റർവ്യൂവിന് പോകുന്നതിനുമുമ്പ് എല്ലാ സർട്ടിഫിക്കറ്റുകളും കനീസിയൂസച്ചന്റെ കബറിടത്തിൽ വെച്ച് പ്രാർത്ഥിക്കുകയും അതിന്റെ ഫലമായി ആദ്യത്തെ അഞ്ച് റാങ്കിനുള്ളിൽപെടുകയും ജോലി ലഭിക്കുകയും ചെയ്തു.


## ഉയർന്ന വിജയം ലഭിച്ചു

*ഇമ്മാനുവേൽ, കറുകുറ്റി*

ദൈവദാസനായ കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകളുടെ മകൻ ഇമ്മാനുവേലിന് +2 പരീക്ഷയിൽ 92% മാർക്ക് നൽകിയതിന് ഞാനും എന്റെ കുടുംബവും നന്ദി പറയുന്നു.

തുടർച്ച1-ാം പേജിൽ നിന്നും

# ആത്മാവിനെ സ്പർശിക്കുന്ന ആത്മകഥ



## എന്റെ ജീവിതാനുഭവങ്ങൾ

ഫാ. കനീയൂസ്.സി.എം.ഐ.

യുടേതിനേക്കാൾ ഉയർന്നതല്ലായിരുന്നുതാനും, പക്ഷെ ദിവ്യനാഥന്റെ സാമീപ്യബോധവും എന്റെ സഹോദരങ്ങളുടേയും സഹപ്രവർത്തകരുടെയും സഹിഷ്ണുതയും അനുകമ്പയും ആത്മാർത്ഥമായ സഹായസഹകരണങ്ങളും അവിടുന്നു നീട്ടിത്തരുന്ന കാസ അക്ഷോഭ്യമായി പാനം ചെയ്യുവാൻ എനിക്ക് ശക്തിനൽകി, മുൻപറഞ്ഞ ഓരോരുത്തരോടുമുള്ള എന്റെ കൃതജ്ഞത അപാരമാണ്, അനന്തമാണ്. അതിന്റെ പ്രകടനം, നിത്യത്വത്തിലേ പൂർത്തിയാകൂ.

### പരസ്പരധാരണ

സഹപ്രവർത്തകരും മേൽശ്രേഷ്ഠന്മാരും കീഴ് അധികാരികളും മറ്റു സഹോദരങ്ങളുമായി ധാരണ പുലർത്തുന്നതിനാവശ്യമായ കുറിപ്പുകളും എഴുത്തുകുത്തുകളും നേരിട്ടുള്ള സംഭാഷണങ്ങളും എന്റെ ഔദ്യോഗിക ജീവിതത്തിലെ ഒരു നിരന്തര പരിപാടിയായിരുന്നുവെന്ന് പറയാം. സംഘങ്ങളും കൗൺസിലുകളും, കമ്മിറ്റികളും കമ്മീഷനുകളും, കാര്യങ്ങളുടെ നാനാവശങ്ങളും കാണുന്നതിനും, ആ പ്രകാശ സഞ്ചയത്തിൽ പിതാവിന്റെ തിരുചിത്തം മനസ്സിലാക്കുന്നതിനുമുള്ള മാർഗ്ഗങ്ങളാണ് എന്നബോദ്ധ്യം സദാ എന്നെ നയിച്ചിരുന്നു. അതിനാൽ എന്റെ വ്യക്തിപരമായ അഭിപ്രായത്തിന് എതിരായി തീരുമാനങ്ങൾ വന്നാലും എനിക്ക് അസ്വസ്ഥത അനുഭവപ്പെടാൻ ഇടയായിട്ടില്ല. "**ദൈവചിത്തം – അതുമുഴുവൻ – അതുമാത്രം**" എന്ന തത്വനിഷ്ഠയുടെ ആത്മാർത്ഥത, അത്തരം അവസരങ്ങളിലാണല്ലോ ശോധനചെയ്യപ്പെടുക.

സഭാംഗങ്ങൾ എല്ലാവരോടും, ഓരോരുത്തരോടും പ്രത്യേക കടപ്പാടുള്ള ജോലി ഞാൻ നിർവ്വഹിക്കേണ്ടിവന്നിട്ടുണ്ട്. ഓരോരുത്തരെയും ദൈവത്തിന്റെ മകനായിത്തന്നെ ഞാൻ കണ്ടിരുന്നു. അതനുസരിച്ച് അവരോട്, ബഹുമാനത്തോടും സ്നേഹത്തോടും സേവനസന്നദ്ധതയോടുംകൂടി പെരുമാറുക എന്റെ നിഷ്ഠയായിരുന്നു. എങ്കിലും ഞാനുദ്ദേശിക്കാതെ തന്നെ എന്റെ സ്വഭാവദുർബലത കൊണ്ടും, ബുദ്ധിമോശംകൊണ്ടും, നോട്ടക്കുറവുകൊണ്ടും എന്റെ സഹോദരങ്ങൾ വേദനിക്കേണ്ടി വന്നിട്ടുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. അവരുടെ ന്യായാസനത്തിൻ മുമ്പിൽ, വിധിയും പ്രതീക്ഷിച്ചുനിൽക്കുന്ന ഒരു കുറ്റവാളിയാണ് ഞാൻ എന്നെനിക്കറിയാം. അവരുടേയും, പിതാവായ ദൈവത്തിന്റെയും ദയാകടാക്ഷം, എന്റെ മേലുണ്ടാകുമെന്ന പ്രത്യാശയും എനിക്കുണ്ട്.

### എന്റെ സിദ്ധി

വിഷമിക്കുന്ന സഹോദരങ്ങളിൽ അപാരമായ അനുകമ്പയും ഉൽക്കണ്ഠയും എന്നിൽ സംജാതമാകാറുണ്ട്. അവരെ ഉടനെ ദിവ്യനാഥനു സമർപ്പിച്ചുകൊണ്ട്, "**സഹായിക്കണമേ**" എന്ന് നിർബന്ധപൂർവ്വം അവിടുത്തോട് പ്രാർത്ഥിക്കാറുണ്ട്. പക്ഷെ ഓടിചെന്നുകണ്ട്, സമാശ്വസിപ്പിക്കാനും, ഉപദേശിക്കാനും മറ്റു സഹായങ്ങൾ ചെയ്യാനുള്ള തന്മയത്വവും, സ്വാരസ്യവും എനിക്കില്ല. അതുകൊണ്ട്, ഔദ്യോഗികമായ ഉത്തരവാദിത്വത്താൽ നിർബന്ധിതനാകുമ്പോൾ മാത്രമല്ലാതെ, സന്ദർശനങ്ങൾക്കും ഉപദേശാദികൾക്കും ഞാൻ മുതിരാറില്ല. എന്റെ സാന്നിദ്ധ്യമല്ല സാക്ഷാൽ ആവശ്യം, ദിവ്യനാഥന്റെ സാന്നിദ്ധ്യമാണ്. അതിനായി ഞാൻ അവിടുത്തെ നിർബന്ധിക്കും. മാത്രമല്ല, ദീർഘകാല പരിചയത്തിൽനിന്ന്, സഹോദരങ്ങൾക്ക് (സഭയ്ക്കുള്ളിലുള്ളവർക്കും പുറത്തുള്ളവർക്കും) എന്റെ ഉപദേശം കൊണ്ടോ ശാസനകൊണ്ടോ, ശിക്ഷകൊണ്ടോ എന്നതിനേക്കാൾ, ആരും അറിയാതെയുള്ള പ്രാർത്ഥനകൊണ്ടും പ്രായശ്ചിത്തംകൊണ്ടും, ആവശ്യമായ ഉൾപ്രകാശവും, പ്രത്യാശയും, ആത്മധൈര്യവും നേടികൊടുക്കുകയാണ് എന്റെ ദൈവവിളി എന്ന ബോദ്ധ്യമാണ് എന്നെ സ്വാധീനിക്കുന്നത്.

### അവസാനകാലം

ഈ അവസാനകാലത്ത്, എന്റെ ശാരീരികശക്തികളും ആന്തരികശക്തികളും സാരമായി ക്ഷയിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഉത്തരവാദിത്വമേറിയ ജോലികൾക്കുള്ള അപര്യാപ്തത അനുഭവപ്പെടുന്ന ഈ ജീവിതദശയിൽ ശ്രേഷ്ഠന്മാരുടെ അനുകമ്പാപൂർണ്ണമായ പരിഗണനവഴി, എനിക്ക് സുസാദ്ധ്യവും സംപ്രീതവുമായ പ്രാർത്ഥനാജീവിതവും, അതിനാഗ്രഹിച്ചുവരുന്നവർക്ക് ലളിതമായ നേതൃത്വവും അടങ്ങുന്ന ഒരു ജീവിതശൈലി എനിക്ക് അംഗീകരിച്ചുലഭിച്ചിട്ടുണ്ട്. അതിനാൽ എന്റെ ഇപ്പോഴത്തെ കഴിവിന്റെ പരമാവധി ഞാൻ വ്യാപൃതനായിരിക്കുകയാണ്.

സി.എസ്.ആറിലെ സുപ്പീരിയറും സഹോദരങ്ങളും, ഈ ജീവിതപരിപാടിയുടെ നിർവ്വഹണത്തിന് എന്നെ ഉള്ളഴിഞ്ഞു സഹായിക്കുന്നതുകൊണ്ട് 1981 ജൂൺ 23-ാം തിയതി മുതൽ ഇന്നുവരെയും, ദിവസത്തിൽ അഞ്ചുമണിക്കൂർ ദിവ്യകാരുണ്യസന്നിധിയിൽ, നമ്മുടെ സഹോദരങ്ങളുടെ പേർക്കും, അവർക്കുവേണ്ടിയും, ആത്മനാ അവരോടുകൂടിയും, ചെലവഴിക്കാൻ എനിക്ക് സാധിക്കുന്നുണ്ട്. ഒന്നുചേർന്ന് പ്രാർത്ഥിക്കുന്നതിനും പ്രാർത്ഥനാനുഭവം പങ്കുവച്ച്, അതിൽ വളരുന്നതിനുമായി, പലരും (പ്രത്യേകിച്ച് സിസ്റ്റേഴ്സ്) ഇവിടെ വരുന്നുണ്ട്.

### അസ്തമയദിനങ്ങൾ

മുന്നോട്ടുള്ള പാത, പിന്നിട്ടതിൽനിന്നും തുലോം ഹ്രസ്വമാണ്. എന്റെ അസ്തമയദിനങ്ങൾ സമാഗതമായി, അവയ്ക്ക് സ്വാഗതം! സംപൂർണ്ണ സ്വാഗതം!

തേഞ്ഞുതീരാറായ ഈ ബ്രഷിന്റെ ബാക്കിയും ഉപയോഗിച്ചു തീർക്കാൻ ദയവുതോന്നിയ ദിവ്യകലാകാരന് നിത്യസ്തുതി!

### ദൈവത്തിന് സ്തുതി!

നമ്മുടെ സഭ നമുക്ക് നല്കിയിരിക്കുന്ന പൈതൃകം അമൂല്യമാണ്. നമുക്ക് പോരായ്മകൾ ഇല്ലെന്നല്ല വിവക്ഷ. നാം സ്വയം വിലയിരുത്തണം, സ്വയം വിമർശിക്കണം, പുതിയ വെല്ലുവിളികൾ കണക്കിലെടുത്തുകൊണ്ട്, അധുനാധുനീകരണം വരുത്തണം, അതേസമയം, മുൻപറഞ്ഞ അടിസ്ഥാനമായ മൂല്യത്തിൽ നാം അഭിമാനിക്കണം. ആ പൈതൃകത്തിന്റെ സമഞ്ജസമായ വളർച്ചയിൽ നമ്മുടെ വ്യക്തിപരമായ ഭാഗം നാം കാഴ്ച വയ്ക്കണം. ഈ സ്വയാഭിമാനം ആരോഗ്യപരമായ വളർച്ചയെ സഹായിക്കും. ഈ കഴിഞ്ഞ അറുപതുകളിലും എഴുപതുകളിലും, സന്ന്യാസസഭകളെ ആകമാനം ബാധിച്ച ആദ്ധ്യാത്മികതകർച്ചയിൽ മറ്റ് "**വലിയ പുരുഷസഭകൾ**" എല്ലാംതന്നെ അധോഗതിയിലേയ്ക്ക് ഇഴഞ്ഞിറങ്ങിയപ്പോൾ, സി.എം.ഐ.സഭ പുരോഗമിച്ചുകൊണ്ടേയിരുന്നുവെന്ന് ചരിത്രപഠിതാക്കൾ സമ്മതിക്കുന്നുണ്ട്. അതേവസ്തുത, 1983-ലെ "ANNUARIO PONTIFICIO" പ്രത്യേകം രേഖപ്പെടുത്തിയിട്ടുമുണ്ട്. അതിന് അടിസ്ഥാനകാരണം, സി.എം.ഐ.സഭയുടെ മുൻപറഞ്ഞ ഉറച്ച മൂല്യമാണല്ലോ. ദൈവത്തിനു സ്തുതി! ■





# ആ വിശുദ്ധൻ ബഹു.കനീസിയൂസച്ചനായിരുന്നു.

**ഫാ.പ്രോസ്പർ കൊമ്പൻ സി.എം.ഐ**

എന്റെ തിയോളജി പഠനകാലത്ത് മാസ്റ്ററച്ചനായിരുന്നു കനീസിയൂസച്ചൻ. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായം വായിച്ച് വിവരിച്ച് ഒരു മാസം ഞങ്ങൾക്ക് ഉപദേശം തന്നത് ഇന്നും ഓർമ്മയിലുണ്ട്. എല്ലാദിവസവും ആ ദിവസത്തെക്കുറിച്ചും,എപ്രകാരം ആ ദിവസം ചിലവഴിച്ചു എന്നും വ്യക്തമായി ഈശോയോട് പറയുന്ന ശീലം കനീസിയൂസച്ചന് ഉണ്ടായിരുന്നു.ആ ശീലം അദ്ദേഹം ഞങ്ങൾക്കും പറഞ്ഞുതന്നു.

കനീസിയൂസച്ചനെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെയ്ക്കാനാഗ്രഹിക്കുന്നു. ആദ്യമായി കനീസിയൂസച്ചനെകണ്ടപ്പോൾ എന്റെ മനസ്സിൽ വന്നത് “ലത്തീൻ സഭയിലെ അച്ചൻമാർ എത്ര വിശുദ്ധരാണ്. ഞങ്ങളുടെ അച്ചൻമാർക്ക് അത്ര വിശുദ്ധിയില്ലല്ലോ.” എന്നാൽ ആ വിശുദ്ധൻ ബഹു.കനീസിയൂസച്ചനായിരുന്നു.

ഒരവസരത്തിൽ അദ്ദേഹം പനിയായിക്കിടക്കുമ്പോൾ, ചെത്തിപ്പുഴ കൊവേന്തയിലെ എല്ലാ അച്ചൻമാരും സന്ധ്യാനമസ്കാരം കഴിഞ്ഞ് അദ്ദേഹത്തെ കാണാൻ വരികയും അവരുടെ സ്നേഹവും കൂട്ടായ്മയും കണ്ടപ്പോൾ തന്റെ പനി മാറി എന്ന് അദ്ദേഹം അവകാശപ്പെടുകയും ചെയ്തിരുന്നു.

സി.എസ്.ആറിൽ വച്ച് നല്ല സുഖമില്ലാതെ ഇരിക്കുമ്പോൾ ഞാൻ അദ്ദേഹത്തെ കണ്ടു.അപ്പോൾ അദ്ദേഹം പറഞ്ഞത് എനിക്ക് ശരീരം നല്ല വേദനയുണ്ട്.എന്നാൽ ഇവിടുത്തെപ്പോലെ മറ്റു സ്ഥലങ്ങളിൽച്ചെന്നാൽ ഈശോയുടെ മുൻപിൽ ഇരിക്കുവാൻ സാധ്യമല്ലല്ലോ എന്നാണ്.

ഞങ്ങൾ ശെമ്മാശൻമാരോട് വളരെ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു.ഞങ്ങൾ പട്ടം ഏല്ക്കുന്നതിനുമുൻപ് പട്ടത്തിനൊരുക്കമായി സുറിയാനിയിലുള്ള കുർബാനയുടെ നമസ്ക്കാരങ്ങൾവായിച്ച് ധ്യാനിക്കുവാൻ പറഞ്ഞു. അത് എന്റെ ജീവിതത്തിലെ വലിയൊരു അനുഭവമായിരുന്നു.പഴമനിയമം പഠിപ്പിച്ചിരുന്നപ്പോൾ പഴയനിയമചരിത്രം കൺമുൻപിൽകാണുന്നതുപോലെ വളരെ വിശദമായി പറഞ്ഞുതന്നിരുന്നു.

മരിക്കാറായ അവസരത്തിൽ അമ്പഴക്കാട് വച്ച് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത്, അദ്ദേഹത്തെ നോക്കിയിരുന്ന ആൾ പലപ്പോഴും തന്റെ അടുക്കൽ ഇല്ലാത്ത വിവരം പ്രിയോരച്ചനോട് പറഞ്ഞപ്പോൾ അദ്ദേഹം അത് തെറ്റിദ്ധരിക്കുകയും വളരെ വിഷമമാകുന്ന തരത്തിൽ പ്രതികരിക്കുകയും ചെയ്തു എന്നാണ്.

വേറൊരു അവസരത്തിൽ ബഹു.സിസ്റ്റേഴ്സ് അദ്ദേഹത്തോട് ധ്യാനിപ്പിക്കുവാൻ ആവശ്യപ്പെടുകയും അതനുസരിച്ച് അതിന് ഒരുങ്ങുകയും ചെയ്തു. എന്നാൽ ധ്യാനം മുന്നോട്ട് കൊണ്ടുപോകുവാനുള്ള ശക്തിയും ബുദ്ധിയും തനിക്കില്ലായെന്ന് മനസ്സിലാക്കി അദ്ദേഹം അതിൽ നിന്ന് വിരമിച്ചു.

കളമശേരിയിലെ കൊവേന്തയുടെ പള്ളി വെഞ്ചിരിക്കുന്ന അവസരത്തിൽ ബഹു.കനീസിയൂസച്ചൻ വേദപുസ്തകത്തിലെ ഒരു ഭാഗം വായിച്ച് പ്രാർത്ഥനനടത്തി. അത് കഴിഞ്ഞപ്പോൾ വെഞ്ചിരിക്കുവാൻ വന്ന ഇന്റർനോൺഷ്യോ തിരുമേനി ഇപ്രകാരം അഭിപ്രായപ്പെട്ടു. 'വേദപുസ്തകത്തേക്കാൾ വളരെ ആഴമുള്ള ജ്ഞാനം അദ്ദേഹത്തിനുണ്ടല്ലോ'. അപ്പോൾ അദ്ദേഹം വേദപുസ്തകത്തിൽ ഡോക്ടറേറ്റ് ഉള്ള ആളാണെന്ന് അച്ചൻമാർ അഭിപ്രായപ്പെട്ടു.

ഒരിക്കൽ ബഹു.കനീസിയൂസച്ചൻ തന്നെ പറഞ്ഞ അനുഭവമാണ്. സിലോണിൽ പഠിക്കുമ്പോൾ തന്റെയൊരുകൂട്ടുകാരൻ ചെയ്തിരുന്നതുപ്പോലെ മറ്റുള്ളവരെക്കുറിച്ച് വിമർശനരീതിയിൽ സംസാരിക്കുവാൻ തുടങ്ങി. അപ്പോൾ ഒരച്ചൻ അദ്ദേഹത്തോട് പറഞ്ഞു. 'കനീസിയൂസച്ചാ ഇത് നല്ല രീതിയല്ല. അച്ചൻ അച്ചന്റെ പ്രകൃതിക്കനുസരിച്ച് ആരെയും വിമർശിക്കാറില്ല. അതുകൊണ്ട് ഇപ്പോൾ പഠിച്ച പാഠം ഇനിയൊരിക്കലും ഉപയോഗിക്കരുത്.' ബഹു.കനീസിയൂസച്ചൻ പറഞ്ഞത് പിന്നീടൊരിക്കലും ഞാൻ മറ്റുള്ളവരെ വിമർശിക്കാനോ,കുറ്റംപറയാനോ ഒരുമ്പെട്ടിട്ടില്ലായെന്നാണ്.

മധ്യപ്രദേശിൽ സാഗർ രൂപത തുടങ്ങുന്ന അവസരത്തിൽ കർമ്മലാശ്രമം ഇരിക്കുന്ന സ്ഥലം കിട്ടിയപ്പോൾ അവിടെ ഒരു ആശ്രമം നിർമ്മിക്കുവാൻ നിർബന്ധം കാണിച്ചു.അപ്പോൾ ബഹു.കനീസിയൂസച്ചനോട് ഞങ്ങൾ ചോദിച്ചു, എന്തിനാണ് ഇത്ര വലിയ നിർബന്ധം? അപ്പോൾ അദ്ദേഹം പറഞ്ഞു, 'സന്യാസികൾക്ക് രൂപതയിലല്ലാതെ ഒരുമിച്ച് കൂടുവാൻ ഒരു സ്ഥലം വേണം.അത് നമ്മുടെ സന്യാസജീവിതം പരിപ്പോഷിപ്പിക്കുവാൻ ആവശ്യമാണ്'. അതുപോലെത്തന്നെ സന്യാസികൾക്ക് സുപ്പീരിയറായി ബഹു. ബേസിൽ പൈനാടത്തച്ചനെ നിയമിച്ചപ്പോഴും ഈ ആശയം ഊന്നിപ്പറഞ്ഞിരുന്നു.

ബഹു. കനീസിയൂസച്ചൻ സഭയുടെ നിയമങ്ങളും പാരമ്പര്യങ്ങളും കാക്കുന്നതിനും, സന്ന്യാസോചിതമായ ജീവിതം നിലനിർത്തുന്നതിനും വളരെയധികം പരിശ്രമിച്ചിരുന്നു.ചിലപ്പോഴെല്ലാം അത് കടുംപിടുത്തമായി തോന്നുമായിരുന്നു.പ്രത്യേകമായി വാച്ച് ഉപയോഗിക്കുന്നകാര്യത്തിൽ നിർബന്ധം പിടിച്ചിരുന്നു. സന്യാസികൾ വാച്ച് ഉപയോഗിക്കേണ്ട ആവശ്യമില്ല എന്നാണ് അന്നത്തെ ചിന്താഗതി.അതുപോലെ പട്ടത്തിന് സുറിയാനി ഭാഷയിൽ പാട്ടുപാടണമെന്ന് ബഹു.കനീസിയൂസച്ചന് നിർബന്ധമുണ്ടായിരുന്നു. എന്നാൽ ജനറാൾ ബഹു. മാവുരൂസച്ചന്റെ ആഗ്രഹപ്രകാരം അത് മലയാളത്തിൽത്തന്നെപ്പാടി.

സഭയുടെ നവീകരണത്തിനുവേണ്ടി അദ്ദേഹം വളരെയധികം പരിശ്രമിച്ചിട്ടുണ്ട്.പലരീതിയിൽ അത് നടപ്പിലാക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ പലപ്പോഴും ബഹു.അച്ചൻമാർ അതിനെവിമർശിക്കുകയും ഉപകാരമില്ലായ്മയായി ചിത്രീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചെത്തിപ്പുഴ മാസ്റ്റർ ആയിരിക്കുമ്പോൾ കേരള കർമ്മലീത്താസഭയെ ജനങ്ങൾക്ക് പരിചയപ്പെടുത്തുവാൻ ശെമ്മാശ്ശൻമാരുടെ സഹായത്തോടെ മാസ്റ്റർ ആയിരുന്ന ബഹു. കനീസിയൂസച്ചൻ പരിശ്രമിച്ചിട്ടുണ്ട്. ജനറാളച്ചന്റെ വികാരി ജനറാളായിരിക്കുമ്പോൾ ജോലിത്തിരക്കുകൊണ്ട് അദ്ദേഹത്തിന് എപ്പോഴും അസുഖങ്ങൾ വരുമായിരുന്നു.അതുമൂലം ഡോക്ടേഴ്സിന്റെ അഭിപ്രായം പരിഗണിച്ച് അദ്ദേഹം രാജിവച്ച് സി.എസ്. ആറിലേക്ക് പോന്നു. അവിടെ പരി.കുർബാനയുടെ മുൻപിലുള്ള പ്രാർത്ഥനയിൽ വ്യാപൃതനായി.

അദ്ദേഹത്തിന് പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളെക്കുറിച്ച് വളരെയധികം പാണ്ഡിത്യമുണ്ടായിരുന്നതിനാൽ ആ ലേഖനങ്ങൾ വളരെ പണ്ഡിതോചിതമായി ശെമ്മാശ്ശൻമാരെ പഠിപ്പിച്ചിരുന്നു. റോമിൽ നിന്ന് ഡോക്ടറേറ്റ് സമ്പാദിച്ച് നാട്ടിൽ വന്ന ബഹു.കനീസിയൂസച്ചനെ ചെത്തിപ്പുഴ ശെമ്മാശ്ശൻമാരുടെ ഗുരുവാക്കി. ചെത്തിപ്പുഴ പഠനഗൃഹം ബാംഗ്ളൂരിലേക്ക് മാറ്റിയപ്പോൾ ശെമ്മാശ്ശൻമാരോടുകൂടി അവിടെയെത്തി. അദ്ദേഹം ആദ്യം ഗുരുവും പിന്നീട് റെക്ടറും പിന്നീട് ആദ്ധ്യാത്മിക നിയന്താവുമായിത്തീർന്നു.

ബഹു. കനീസിയൂസച്ചന് ഒരു സംഗതിയെക്കുറിച്ചും ആവലാതി ഉണ്ടായിരുന്നില്ല. ദൈവത്തിന്റെ പരിപാലനയിൽ മുഴുവനായി ആശ്രയിച്ച് എല്ലാം ദൈവതിരുമനസ്സായി എടുത്തിരുന്നു.

സഭയുടെ ജനറാളായിരുന്നപ്പോൾ എറണാകുളത്ത് ഒരിടവകയിലെ മാന്യൻമാരായ ഇടവകജനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ബഹു.കനീസിയൂസച്ചൻ ഞായറാഴ്ചകളിൽ അവർക്ക് വേദപുസ്തകം വ്യാഖ്യാനിച്ച് കൊടുത്തിരുന്നു.


അദ്ദേഹം എവിടെപ്പോയാലും എന്ത് ചെയ്താലും മറ്റുള്ളവർക്ക് പ്രചോദനം നല്കുന്ന വൈദികനായിരുന്നു.

## ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ

| | |
|---|---|
| 1914 മെയ് 12 | : ജനനം; ആനന്ദപുരം |
| 1914 ജൂൺ 6 | : മാമ്മോദീസ; പറപ്പൂക്കര |
| 1927 - 1928 | : നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | : യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | : ആദ്യവ്രതം |
| 1936 - 1942 | : സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസം. 21 | : പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | : ഡി.ഡി.പഠനം; കാൻഡി |
| 1948 - 1952 | : ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 - 1959 | : സെമിനാരി പ്രഫസർ; ബാംഗ്ലൂർ |
| 1960 - 1966 | : റെക്ടർ, ബാംഗ്ലൂർ |
| 1966 - 1972 | : പ്രിയോർ ജനറാൾ, ഏറണാകുളം |
| 1972 - 1975 | : പ്രൊവിൻഷ്യാൾ; തൃശൂർ |
| 1975 - 1978 | : സുപ്പീരിയർ, ആത്മീയഗുരു; ബാംഗ്ലൂർ |
| 1978 - 1981 | : വികാർ ജനറാൾ; എറണാകുളം |
| 1981 - 1996 | : ആത്മീയഗുരു; പരിയാരം |
| 1996 - 1998 | : ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | : മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | : ദൈവദാസ പദവി |

## എല്ലാ വ്യാഴാഴ്ചകളിലും ദൈവദാസനായ കനീസിയൂസ് CMI യുടെ കബറിട ദേവാലയത്തിൽ നടത്തുന്ന പ്രാർത്ഥനകൾ

| | |
|---|---|
| 06.00 am | : ദിവ്യബലി, കബറിടത്തിൽ ഒപ്പീസ് |
| 02.30 pm | : ത്രിമുഖ ജപമാല ജനങ്ങളോടൊപ്പം |
| 05.00 pm | : സിസ്റ്റേഴ്സിന്റെ പ്രാർത്ഥന |
| 07.00 pm | : നവസന്യാസികളുടെയും വൈദീകരുടെയും പ്രാർത്ഥന |






ദൈവദാസനായ കനീസിയൂസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കോട്ടക്കൽ ആശ്രമദേവാലയം

**The Vice Postulator, Servant of God Fr. Canisius' Cause**
**ST. TERESA'S MONASTERY, KOTTACKAL**
Mala P.O., Kotttamuri, Thrissur - 680 732
Tel: 0480 - 2890225, 2891080, Mob: 9539444156 e-mail : dpanakkal@yahoo.com